# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2878 — 19.06.14 ൽ - മറുപടിക്ക്

## റേഷൻകാർഡ് പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് റേഷൻകാർഡുകൾ അവസാനമായി പുതുക്കിയത് എന്നാണ്; നിലവിലുള്ള റേഷൻ കാർഡുകളുടെ കാലാവധി അവസാനിച്ചത് എന്നാണെന്നറിയിക്കുമോ; | (എ) | സംസ്ഥാനത്ത് റേഷൻകാർഡുകൾ അവസാനമായി പുതുക്കിയത് 2007-2008 കാലഘട്ടത്തിലാണ്. നിലവിലുള്ള റേഷൻ കാർഡുകളുടെ കാലാവധി 2012-ൽ അവസാനിച്ചിട്ടുണ്ട്. |
| (ബി) | കാർഡ് പുതുക്കൽ നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്നറിയിക്കുമോ; | (ബി) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിനായി സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ അപേക്ഷാ ഫാറം ജനങ്ങളിൽ നിന്നും പൂരിപ്പിച്ച് സ്വീകരിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കി പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | റേഷൻകാർഡ് പുതുക്കൽ നീണ്ടുപോകുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പൊതുവിതരണം കാര്യക്ഷമമാക്കുന്നതിനും പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ ഉപയോഗിച്ചുവരുന്ന റേഷൻ കാർഡുകളിൽ വിതരണ വിവരം രേഖപ്പെടുത്തുന്നതിനുള്ള സ്ഥലപരിമിതി മൂലം, പുതുതായി ഉൾപേജുകൾ അച്ചടിച്ച് കാർഡുടമകൾക്ക് ലഭ്യമാക്കിവരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 നടപ്പിൽ വരുത്തുന്നതോടൊപ്പം നിലവിലുള്ള റേഷൻകാർഡുകളും പുതുക്കിനൽകുന്നതാണ്. ആയതിലേക്കുള്ള നടപടികളെല്ലാം ആരംഭിച്ചു കഴിഞ്ഞു. കാർഡു പുതുക്കൽ നീണ്ടുപോകുന്നതുമൂലം ജനങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ